LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി.ഐ., ഐ.ടി.സി. വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ

107 [2234] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, സി. പി. മുഹമ്മദ്:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, ലൂഡി ലൂയിസ്:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് നടത്തുന്ന കോഴ്സായ ഐ.ടി.ഐ.-യും സ്വകാര്യ കക്ഷികൾ നടത്തുന്ന കോഴ്സായ ഐ.ടി.സി.-യും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഐ.ടി.ഐ.-കളിൽ പഠിക്കുന്നവർക്ക് 10 മാസത്തേയ്ക്കുമാത്രം കൺസഷൻ നൽകിയാൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) കേന്ദ്രഗവൺമെന്റ് അംഗീകാരമുള്ളതും സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ ഐ.ടി. കോഴ്സിന്റെ കാലാവധി 12 മാസമാണെന്നുള്ളത് പരിഗണിച്ച് ഐ.ടി.സി.-കളിൽ പഠിക്കുന്നവർക്കും കോഴ്സിന്റെ കാലാവധിയായ 12 മാസത്തേയ്ക്കും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ നൽകാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കൺസഷൻ നൽകുന്നത് സംബന്ധമായ ഗവൺമെന്റ് ഉത്തരവിൽ [ജി.ഒ. (പി) നം. 24/2001/ട്രാൻസ്പോർട്ട് തീയതി 28-9-2001] ഒരു അക്കാഡമിക് വർഷത്തിൽ കോഴ്സ് തുടങ്ങുന്ന മാസം മുതൽ പത്തു മാസത്തേയ്ക്ക് കൺസഷൻ ടിക്കറ്റ് നൽകുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നത് വഴി ഭാരിച്ച ബാധ്യതയാണ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ളത്. ഗവൺമെന്റ് ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 10 മാസത്തിൽ കൂടുതൽ കൺസഷൻ അനുവദിക്കുക വഴി കൂടുതൽ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരുമെന്നതിനാൽ ഈ നിർദ്ദേശം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട്.